പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3553 08.11.2019 ൽമറുപടിയ്ക്ക്

## പൊതുഗതാഗത വാഹനങ്ങളിൽ ഡാഷ് ക്യാമറ

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2018-ൽ മാത്രം 4199 പേർ റോഡപകടങ്ങളിൽ സംസ്ഥാനത്ത് മരണമടയുകയും 31,000 പേർക്ക് ഗുരുതരമായി പരിക്കേറ്റതുമായ സാഹചര്യം പരിശോധിക്കുകയുണ്ടായോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കൂടാതെ 2012 മുതൽ എല്ലാ വർഷവും ശരാശരി നാലായിരത്തിലേറെ പേർ നിരത്തുകളിലെ അപകടങ്ങളിൽ കൊല്ലപ്പെടുന്നതും നാൽപ്പതിനായിരത്തോളം പേർക്ക് പരിക്കേൽക്കുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | പൊതുഗതാഗത വാഹനങ്ങളിൽ ഡാഷ് ക്യാമറ സ്ഥാപിക്കേണ്ട കാലം അതിക്രമിച്ചെന്ന ഹൈക്കോടതി പരാമർശം സർക്കാർ വിലയിരുത്തുകയുണ്ടായോ; | (സി) & (ഡി) | വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ ടി കേസിൽ അന്തിമ ഉത്തരവ് വന്നതിനുശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കു. |
| (ഡി) | എങ്കിൽ 5000 രൂപയിൽ താഴെ മാത്രം വില വരുന്ന ഡാഷ് ക്യാമറകൾ പൊതു വാഹനങ്ങളിൽ സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | | |
| (ഇ) | ഇതുവഴി ദൃശ്യങ്ങൾ റിക്കോർഡ് ചെയ്യാനാവുന്നതുകൊണ്ട് വാഹനമോടിച്ചയാളെ തിരിച്ചറിയാനും അതുവഴി ഇൻഷ്വറൻസ്, കേസന്വേഷണം തുടങ്ങിയ വയ്ക്ക് ഇത് ഏറെ സഹായകമാകുമെന്നും സർക്കാർ കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | പൊതു വാഹനങ്ങളിൽ ഡാഷ് ക്യാമറ സ്ഥാപിക്കുന്നത് മൂലം വാഹനാപകട കേസുകളിൽ വളരെയധികം തെളിവുകളും അപകടവുമായി ബന്ധപ്പെട്ട കാരണങ്ങളും ശേഖരിക്കാൻ സാധിക്കുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ